# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 04.10.2024**

### പ്രധാനവാർത്തകൾ

1) **പി.എം കിസാൻ സമ്മാൻ നിധിയുടെ 18-ആം ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ മഹാരാഷ്ട്രയിൽ നിർവഹിക്കും. 9 കോടിയിലേറെ കർഷകർക്ക് 20,000 കോടി രൂപ പദ്ധതിയിലൂടെ കൈമാറും.**
2) **മേപ്പാടി, വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തങ്ങളിൽ ജീവൻ നഷ്ടമായവർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് കേരള നിയമസഭ. 15-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിന് ഇന്ന് തുടക്കമായി.**
3) **56 വർഷം മുൻപ് വിമാന അപകടത്തിൽ വീരമൃത്യു വരിച്ച ധീരസൈനികൻ തോമസ് ചെറിയാന് ജന്മനാടിൻറെ വിട. സംസ്കാരച്ചടങ്ങുകൾ സൈനിക ബഹുമതികളോടെ പത്തനംതിട്ടയിൽ നടന്നു.**
4) **ആഗോള രാഷ്ട്രീയ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കനത്ത നഷ്ടം നേരിട്ട് രാജ്യത്തെ ഓഹരി വിപണികൾ.**
5) **ഐ.സി.സി വനിതാ ട്വൻറി-20 ലോകകപ്പിൽ ഇന്ത്യ ഇന്ന് ന്യൂസിലാൻറിനെ നേരിടും.**
   **ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് എഫ്.സി ഗോവ, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പോരാട്ടം.**

RNU TVPM

---

## പ്രധാനമന്ത്രി - കിസാൻ സമ്മാൻ

പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 18-ാം ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മഹാരാഷ്ട്രയിൽ നിർവഹിക്കും. രാജ്യത്തെ 9.4 കോടി കർഷകർക്ക് 20,000 കോടി രൂപ പദ്ധതിയുടെ ഭാഗമായി കൈമാറും. പി.എം കിസാൻ സമ്മാൻ നിധിയിലൂടെ പ്രതിവർഷം ആറായിരം രൂപയാണ് മൂന്ന് ഗഡുക്കളായി കർഷകർക്ക് കൈമാറുന്നത്. 2019 ഫെബ്രുവരി 24 നാണ് കേന്ദ്രസർക്കാർ ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. 3.45 ലക്ഷം കോടി രൂപ പദ്ധതിയിലൂടെ ഇതുവരെ കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. രാജ്യത്തെ കാർഷിക മേഖലയുടെ അഭിവൃദ്ധി ലക്ഷ്യമിട്ടാണ് കേന്ദ്രസർക്കാർ ഈ സുപ്രധാന പദ്ധതി നടപ്പാക്കി വരുന്നത്. കേന്ദ്രകൃഷി മന്ത്രി ശിവ് രാജ്സിങ്ങ്, ചൗഹാൻ, മഹാരാഷ്ട്ര ഗവർണർ ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും. . പിഎം-കിസാൻ ഉത്സവ് ദിവസ് എന്ന പേരിൽ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും പ്രത്യേക പരിപാടികളും നാളെ സംഘടിപ്പിക്കും.

RIU TVPM

---

## നിയമസഭ

15-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിന് ഇന്ന് തുടക്കമായി. മേപ്പാടി, വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തങ്ങളിൽ മരിച്ചവർക്ക് നിയമസഭ ഇന്ന് ആദരാഞ്ജലികൾ അർപ്പിച്ചു. ദുരന്തത്തെ അതിജീവിച്ചവർക്ക് മെച്ചപ്പെട്ടതും സുരക്ഷിതവുമായ ജീവിതം നൽകാനുള്ള പരിശ്രമത്തിലാണ് സർക്കാരെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വയനാട് ദുരന്തബാധിതർക്കായി സുരക്ഷിതമായ ടൌൺഷിപ്പ് നിർമ്മാണം പുരോഗമിക്കുകയാണെന്നും, വിലങ്ങാട് ദുരന്തബാധിതരുടെ സമഗ്ര പുനരധിവാസം ഉറപ്പാക്കുമെന്നും അദ്ദേഹം അറിയിച്ചു.

മേപ്പാടി, വിലങ്ങാട് ദുരന്തവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ അഭിപ്രായപ്പെട്ടു. കേരള ചരിത്രത്തിലെ ഏറ്റവും മാരകമായ പ്രകൃതി ദുരന്തമാണ് വയനാട്ടിലുണ്ടായതെന്ന് സ്പീക്കർ എ എൻ ഷംസീർ പറഞ്ഞു. ചരമോപചാരം അർപ്പിച്ച ശേഷം ഇന്നത്തേക്ക് പിരിഞ്ഞ സഭ തിങ്കളാഴ്ച വീണ്ടും ചേരും.

************************************************************************************************

**<u>സൈനികൻ പത്തനംതിട്ട - (ഇൻട്രോ)</u>**

അരനൂറ്റാണ്ടിലധികം കാലത്തെ കാത്തിരിപ്പിനൊടുവിൽ ധീര സൈനികൻ തോമസ് ചെറിയാന് ജന്മനാട്ടിൽ അന്ത്യവിശ്രമം. സംസ്കാരച്ചടങ്ങുകൾ സൈനിക ബഹുമതികളോടെ ഇന്ന് ഉച്ചതിരിഞ്ഞ് പത്തനംതിട്ട ഇലന്തൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്നു. കേരള സർക്കാരിനായി മന്ത്രി വീണാ ജോർജ് അന്തിമോപചാരമർപ്പിച്ചു. ഹിമാചൽപ്രദേശിൽ 1968-ൽ നടന്ന സൈനിക വിമാന അപകടത്തിൽ വീരമൃത്യു വരിക്കുമ്പോൾ തോമസ് ചെറിയന് 22 വയസ് മാത്രമായിരുന്നു പ്രായം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**
**(വോയിസ്..............)**

************************************************************************************************

**<u>എം.ബി രാജേഷ് -</u>**

തദ്ദേശ സ്വയംഭരണ അദാലത്തിലൂടെ അനേകം പേർക്ക് നിഷേധിക്കപ്പെട്ട നീതി ലഭ്യമാക്കാൻ കഴിഞ്ഞുവെന്ന് മന്ത്രി എം.ബി രാജേഷ്. 17 അദാലത്തുകളിൽ നിന്നായി ലഭിച്ച

RNU TVPM

17,799 പരാതികളിൽ 92 ശതമാനവും അനുകൂലമായി തീർപ്പാക്കിയതായും മന്ത്രി അറിയിച്ചു. മദ്യനയം അവസാന ഘട്ടത്തിലാണെന്നും മന്ത്രിസഭാ യോഗത്തിൻറെ അനുമതിയാണ് ഇനി വേണ്ടതെന്നും ശ്രീ എം.ബി രാജേഷ് വ്യക്തമാക്കി.

************************************************************************************************

**ജെ ചിഞ്ചുറാണി**

വന്യജീവി വാരാഘോഷത്തിൻറെ ഉദ്ഘാടനം തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ നടന്ന ചടങ്ങിൽ മന്ത്രി ജെ ചിഞ്ചുറാണി നിർവഹിച്ചു. വനം, വന്യജീവി സംരക്ഷണത്തെ ക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനാണ് ഒക്ടോബർ 2 മുതൽ 8 വരെ വന്യജീവി വാരാഘോഷം സംഘടിപ്പിക്കുന്നത്.

************************************************************************************************

**ബ്രേക്ക്.................**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

************************************************************************************************

**പ്രധാനമന്ത്രി- കൗടില്യ**

പ്രധാനമന്ത്രി നരേന്ദ്രമോദി കൗടില്യ സാമ്പത്തിക സമ്മേളനത്തിൻറെ മൂന്നാം പതിപ്പിനെ ന്യൂഡൽഹിയിൽ അല്പ്സമയത്തിനകം അഭിസംബോധന ചെയ്യും. കേന്ദ്രധനകാര്യ മന്ത്രാലയവും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്തും സംയുക്തമായാണ് കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നത്.

************************************************************************************************

**പാകിസ്ഥാൻ**

ഇസ്ലാമാബാദിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന - നേതൃതല യോഗത്തിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ നയിക്കും. ഈ മാസം 15-16

RNU TVPM

തീയതികളിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. പാകിസ്ഥാൻ വിദേശകാര്യ മന്ത്രി ബിലാവൽ ഭൂട്ടോ സർദാരി കഴിഞ്ഞ വർഷം SCO വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്ന തിനായി ഇന്ത്യയിലെത്തിയിരുന്നു.

*****************************************************************************************************

**വി മുരളീധരൻ**

വയനാട്ടിലെ യഥാർഥ കണക്ക് കേന്ദ്രസർക്കാരിന് നൽകിയോ എന്ന് ചോദിക്കേണ്ട സംസ്ഥാനത്തെ പ്രതിപക്ഷം, ഭരണപക്ഷത്തിന് വിധേയപ്പെട്ടതായി ആരോപിച്ച് മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ. മുഖ്യമന്ത്രിയോ റവന്യൂമന്ത്രിയോ ദുരന്തത്തിൻറെ യഥാർഥ നാശനഷ്ടക്കണക്കുകൾ സഭയിൽ വെളിപ്പെടുത്തിയിട്ടില്ലെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. സംസ്ഥാന സർക്കാരിനെതിരായ ബിജെപിയുടെ സെക്രട്ടേറിയേറ്റ് മാർച്ച് ശ്രീ വി.മുരളീധരൻ ഉദ്ഘാടനം ചെയ്തു. കൊച്ചി കണയന്നൂരിൽ നടന്ന പ്രതിഷേധ മാർച്ച് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

RNU TVPM

*****************************************************************************************************

**കെ.പി.സി.സി പ്രക്ഷോഭ പരിപാടി**

സംസ്ഥാന സർക്കാരിനെതിരെ ജനകീയ പ്രക്ഷോഭത്തിനൊരുങ്ങി കോൺഗ്രസ്. മുഖ്യമന്ത്രി രാജിവെയ്ക്കുക, തൃശ്ശൂർപൂരം വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ഒക്ടോബർ 5 മുതൽ 20 വരെയാണ് കോൺഗ്രസ് സംസ്ഥാന വ്യാപക ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.രാഷ്ട്രീയ വിശദീകരണ യോഗങ്ങളുടെ ജില്ലാതല ഉദ്ഘാടനം നാളെ നടക്കും.

*****************************************************************************************************

**ഇടുക്കി - (ഇൻട്രോ)**

ഇടുക്കിയിൽ ഏലം കർഷകർ നേരിടുന്നത് ചരിത്രത്തിൽ ഇതുവരെയില്ലാത്ത പ്രതിസന്ധി. മിക്ക കർഷകരും കൃഷി ഉപേക്ഷിച്ച് മറ്റ് മേഖലകളിലേക്ക് കടക്കുവാനുള്ള ഒരുക്കത്തിലാണ്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

**(വോയിസ്..............)**

**************************************************************************************************

**തൃശൂർ-കവർച്ച**

തൃശ്ശൂർ എ.ടി.എം കവർച്ചക്കേസിലെ പ്രതികളായ അഞ്ച് ഹരിയാന സ്വദേശികളെ അഞ്ച് ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു. തമിഴ്നാട് പോലീസ് കൈമാറിയ പ്രതികളെ കേരള പോലീസ് വൈദ്യപരിശോധനയ്ക്ക് ശേഷം കോടതിയിൽ ഹാജരാക്കുകയായിരുന്നു. തൃശൂരിൽ മൂന്നിടത്ത് എ.ടി.എം കവർച്ച നടത്തിയ സംഘം തമിഴ്നാട്ടിൽ വച്ചാണ് പിടിയിലായത്.

RNU TVPM

**************************************************************************************************

**രാജ് ഭവൻ-വിദ്യാരംഭം**

കേരള രാജ്ഭവനിൽ ഈ മാസം 13-ന് രാവിലെ നടക്കുന്ന വിദ്യാരംഭച്ചടങ്ങിൽ കുട്ടികളെ എഴുത്തിനിരുത്താനുള്ള രജിസ്ട്രേഷൻ **ഒക്ടോബർ 9** വരെ നീട്ടി. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ചടങ്ങിൽ കുട്ടികളെ ആദ്യക്ഷരം എഴുതിക്കും. രജിസ്ട്രേഷനായി വിളിക്കേണ്ട നമ്പർ

**: 0471-27 21 100.**

**************************************************************************************************

**ഓഹരിവിപണി**

മധ്യപൂർവ്വമേഖലയുമായി ബന്ധപ്പെട്ട ആഗോള രാഷ്ട്രീയ പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ ഇന്ത്യൻ ഓഹരി നിക്ഷേപകർക്ക് രണ്ട് ദിവസത്തിനുള്ളിൽ ഉണ്ടായത് 14 ലക്ഷം കോടി രൂപയുടെ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് ഇന്ന് 808 പോയിൻ്റ് താഴ്ന്ന് 81,688-ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 235 പോയിൻ്റ് ഇടിഞ്ഞ് 25,014- ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. ക്രൂഡ് ഓയിൽ വില കുത്തനെ ഉയർന്നെങ്കിലും, ഒപെക് രാജ്യങ്ങളിലെ ഉൽപാദന വർദ്ധന വരും ദിവസങ്ങളിൽ ക്രൂഡ് ഓയിൽ വില നിയന്ത്രണ വിധേയമാകുമെന്നാണ് വിലയിരുത്തൽ . സ്വർണവിലയിൽ നേരിയ വർദ്ധന. പവന് 80 രൂപ വർദ്ധിച്ച് 56,960 രൂപയും, ഗ്രാമിന് 7120 രൂപയുമാണ് ഇന്നത്തെ വില.

**********************************************************************************************

**വനിതാ ക്രിക്കറ്റ്**

ഐ.സി.സി വനിതാ ട്വൻ്റി-20 ലോകകപ്പിൽ ഇന്ത്യ ഇന്ന് ന്യൂസിലാൻ്റിനെ നേരിടും. രാത്രി 7.30- ന് ദുബായിലാണ് മത്സരം. ഇന്നത്തെ ആദ്യ മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെ ദക്ഷിണാഫ്രിക്ക 10 വിക്കറ്റിന് പരാജയപ്പെടുത്തി. 119 റൺസ് വിജയലക്ഷ്യം ദക്ഷിണാഫ്രിക്ക 17.5 ഓവറിൽ മറികടന്നു.

**********************************************************************************************

RNUTVPM

**ഐ.എസ്.എൽ**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് എഫ്.സി ഗോവ, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും.

രാത്രി 7.30 ന് ഗോവയിലെ ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

****************************************************************************************

**മഴ - സംസ്ഥാനം**

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

****************************************************************************************

**മനുഷ്യാവകാശ കമ്മീഷൻ-വഴുതയ്ക്കാട്**

തിരുവനന്തപുരം വഴുതക്കാട് അനുഭവപ്പെടുന്ന കുടിവെള്ള ദൗർലഭ്യം ഒക്ടോബർ 25-ന് മുമ്പ് പരിഹരിക്കാൻ കഴിയുമെന്ന് ജലഅതോറിറ്റി ചീഫ് എഞ്ചിനീയർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

****************************************************************************************

****************************************************************************************

****************************************************************************************

PNU TVPM